# കേരള സർവകലാശാല

നം.പി.ആർ.17/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2018 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ (ഡാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് 2019 ഫെബ്രുവരി 18 മുതൽ 21 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ് കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് (റെഗുലർ/സപ്ലിമെന്ററി) ഡിഗ്രി കോഴ്സിന്റെ പ്രാക്ടിക്കൽ 2019 ജനുവരി 28 മുതൽ നിശ്ചയിക്കപ്പെട്ട കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2019 ഫെബ്രുവരി 11 മുതൽ ആരംഭിക്കുന്ന (സി.എസ്.എസ്) (2018–2019) ഒന്നാം സെമസ്റ്റർ പി.ജി ഡിപ്ലോമ ഇൻ മോളിക്യുലാർ ഡയഗ്നസ്റ്റിക്സ്, ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി പരീക്ഷയ്ക്ക് പിഴ കൂടാതെ 2019 ഫെബ്രുവരി 1 വരെ അപേക്ഷിക്കാം.

2019 ഫെബ്രുവരിയിൽ നടക്കുന്ന മൂന്നാം സെമസ്റ്റർ ബി.ടെക് 2013 സ്കീം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ ഫെബ്രുവരി 2 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 4 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 6 വരെയും ഓൺലൈനായി അപേക്ഷിക്കാം. സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2019 ജനുവരിയിൽ നടക്കുന്ന എട്ടാം സെമസ്റ്റർ റെഗുലർ ബി.ടെക് (2013 സ്കീം) കോഴ്സ് കോഡിൽ വരുന്ന ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം) എട്ടാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയുടേയും ആറാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയുടേയും ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലങ്ങൾ

2018 നവംബറിൽ നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി, എം.ഫിൽ അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് 2017–2018 ബാച്ച് (സി.എസ്.എസ്), പാർട്ട് III മാത്തമാറ്റിക്സ് മെയിൻ പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ. മാത്തമാറ്റിക്സിന്റെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2019 ഫെബ്രുവരി 11 വരെ അപേക്ഷിക്കാം.

## ബിൽ സമർപ്പിക്കാം

2018 സെപ്റ്റംബർ – ഒക്ടോബറിൽ നടന്ന നാലാം സെമസ്റ്റർ പി.ജി പരീക്ഷകളുടെ മൂല്യനിർണ്ണയത്തിൽ പങ്കെടുത്ത അദ്ധ്യാപകർ വേതന ബിൽ, ഡാറ്റാ ഷീറ്റ്, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവ 2019 ജനുവരി 28 ന് മുമ്പായി അതതു പി.ജി സെക്ഷനുകളിൽ എത്തിക്കേണ്ടതാണ്.

## പ്രോജക്ട് സമർപ്പിക്കാം

വിദൂര വിദ്യാഭ്യാസ വിഭാഗം 2014-16 ബാച്ച് എം.എ/എം.എസ്.സി/എം.കോം വിദ്യാർത്ഥികൾ പരീക്ഷ കഴിഞ്ഞ് 15 ദിവസത്തിനകം പ്രോജക്ട് (2 കോപ്പി വീതം) ഫീസ് രസീത് (ഫൈൻ & പ്രോജക്ട് ഗൈഡൻസ് ഫീസ്) സഹിതം കോ-ഓർഡിനേറ്ററിന് സമർപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം.
24.01.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in
University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098